**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 188** **07-06-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ഹോമിയോ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | മണലൂർ നിയോജകമണ്ഡലത്തിൽ ചൂണ്ടൽ, വാടാനപ്പള്ളി പഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്തത്. |
| (ബി) | ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരോഗ്യവകുപ്പ് മുൻപ് സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 42 പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 28.02.2018-ലെ സ.ഉ.(കൈ) നം.3/2018/ആയുഷ് പ്രകാരം 10 ഡിസ്പെൻസറികൾ ആരംഭിക്കുകയും പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു. ബാക്കിയുള്ള 32 പഞ്ചായത്തുകളിൽ കൂടി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മറ്റു പഞ്ചായത്തുകളിൽ ഹോമിയോ മരുന്ന് സൗജന്യമായി വിതരണം ചെയ്യുമ്പോൾ ഈ പഞ്ചായത്തുകളിൽ മരുന്ന് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ എല്ലാ ഹോമിയോ ആശുപത്രികൾ/ ഡിസ്പെൻസറികൾ മുഖേന മരുന്ന് വിതരണം ചെയ്ത് വരുന്നുണ്ട്. |
| (ഡി) | ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | കേരളത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യം പ്രാപ്തമാക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതുണ്ടെങ്കിലും അടിയന്തരമായി അവ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ